മുൻപ് അതുവഴി സർവ്വീസ് നടത്തിയിരുന്ന എല്ലാ ഷെഡ്യൂളുകളും പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) 8-3-2003 മുതൽ 28-3-2003 വരെ ഡ്രൈയിനേജ് പണിയോടനുബന്ധിച്ച് റോഡ് ബ്ലോക്കു ചെയ്തത് കാരണം താൽക്കാലികമായി സർവ്വീസ് നിർത്തിവയ്ക്കുകയുണ്ടായി. ഇത് പുനരാരംഭിച്ചിട്ടുണ്ട്.

(സി) സിറ്റി ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി.-യുടെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ ബസ്സുകളുടെ കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കാക്കാമൂല-വെള്ളായണി-തൈക്കാട്-ഈശ്വരവിലാസം ലേഡീസ് ഓൺലി ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

132 [3537] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പാപ്പനംകോട് ഡിപ്പോയിൽ നിന്നും കാക്കാമൂല-വെള്ളായണി-തൈക്കാട്-ഈശ്വരവിലാസം ലേഡീസ് ഓൺലി ബസ് സർവ്വീസ് നടത്തിയിരുന്നോ;

(ബി) കൈമനം വനിതാ പോളിടെക്നിക്, കരമന എൻ. എസ്. എസ്. വനിതാ കോളേജ്, തൈക്കാട് ബി. എഡ്. ട്രെയിനിംഗ് കോളേജ്, വഴുതക്കാട് ഗവൺമെന്റ് വിമൻസ് കോളേജ്, വഴുതക്കാട് ഗവൺമെന്റ് ഹയർ സെക്കന്ററി കോട്ടൺഹിൽ സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന അനവധി വിദ്യാർത്ഥിനികൾക്ക് പ്രയോജനം ചെയ്തിരുന്നതാണ് ഈ സർവ്വീസെന്ന് അറിയാമോ;

(സി) നിലവിൽ ഈ സർവ്വീസ് നിറുത്തലാക്കിയിട്ടുണ്ടോ;

(ഡി) ഇതിന് പകരമായി ഈ വിദ്യാർത്ഥിനികൾക്ക് യാത്ര ചെയ്യാൻ ലേഡീസ് ഓൺലി ബസ് കാക്കാമൂല നിന്നും സർവ്വീസ് നടത്തുന്നുണ്ടോ;

(ഇ) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒറ്റ കൺസഷൻ ടിക്കറ്റ് മാത്രം ലഭിച്ചിട്ടുള്ള വിദ്യാർത്ഥിനികളുടെ സൗകര്യാർത്ഥം പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കുവാൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അറിയാം.

(സി) വരുമാനക്കുറവിനാൽ നിർത്തലാക്കപ്പെട്ട സർവ്വീസുകളിൽ ഈ സർവ്വീസും ഉൾപ്പെടും.

(ഡി) നടത്തുന്നില്ല.

(ഇ) വരുമാനക്കുറവിനാൽ നിർത്തലാക്കിയ ഈ സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ആകെ കടം

133 [3538] ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ഡി. സതീശൻ:
„ കെ. ബാബു:
„ ലൂഡി ലൂയിസ്:
„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് ഒട്ടാകെ എന്ത് കടം ഉണ്ട്;

(ബി) കോട്ടയം ജില്ലാ സഹകരണ ബാങ്കിനും എറണാകുളം ജില്ലാ സഹകരണ ബാങ്കിനും പ്രസ്തുത സംഘം എന്തു തുക കൊടുക്കാനുണ്ട്;

(സി) സാഹിത്യകാരൻമാർക്ക് റോയൽറ്റി ഇനത്തിൽ എന്തു തുക കൊടുക്കാനുണ്ട്;

(ഡി) എന്നു മുതലുള്ള റോയൽറ്റിയാണ് കടമായി കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6.27 കോടി രൂപ.

(ബി) കോട്ടയം ജില്ലാ സഹകരണ ബാങ്കിന് 1.32 കോടി രൂപയും എറണാകുളം ജില്ലാ സഹകരണ ബാങ്കിന് 2.35 കോടി രൂപയും കൊടുക്കാനുണ്ട് (പലിശ ഉൾപ്പെടെ).

(സി) 1.85 കോടി രൂപ കൊടുക്കാനുണ്ട്.

(ഡി) 31-10-1996 വരെ 1.65 കോടി രൂപയും അതിനുശേഷം 31-12-2002 വരെ 1.10 കോടി രൂപയും നൽകുവാനുണ്ടായിരുന്നു. 1-1-1997 മുതൽ 31-12-2002 വരെ 90 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ 1.85 കോടി രൂപ കൊടുക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly